ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 01.10.2025 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. രാഷ്ട്ര പുരോഗതി ലക്ഷ്യമാക്കിയാണ് ആർ എസ് എസ് പ്രവർത്തിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. സംഘടനയുടെ ശതാബ്ദി ആഘോഷങ്ങളെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു.

   **RSS is working for nation-building says Prime Minister Narendra Modi; Participates in RSS centenary celebrations in New Delhi today.**

2. രാജ്യത്തുടനീളം 57 പുതിയ കേന്ദ്രീയ വിദ്യാലയങ്ങൾ ആരംഭിക്കുന്നതിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം. കേന്ദ്ര സർക്കാർ ജീവനക്കാർക്കുള്ള ക്ഷാമബത്ത മൂന്ന് ശതമാനം വർധിപ്പിച്ചു.

   **Union Cabinet has approved the opening of 57 new Kendriya Vidyalayas across the country. The dearness allowance for central government employees increased by 3%.**

3. പുതു തലമുറ ജിഎസ്ടി പരിഷ്കരണങ്ങൾ പ്രതിരോധ മേഖലയിലെ വിഭവ സംഭരണത്തിന് സഹായകമാകുമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

   **Defense Minister Rajnath Singh says reduction of GST rates will lead to more procurements in the defense sector.**

4. റിപ്പോ നിരക്ക് 5.5 ശതമാനമായി നിലനിർത്തുമെന്ന് ആർബിഐ. വളർച്ചാ അനുമാനം 6.8 ശതമാനമായി പരിഷ്കരിച്ചു.

**The Reserve Bank of India decided to maintain the repo rate at 5.5%. GDP growth forecast for Current Financial year revised to 6.8 percent.**

5. നവരാത്രിയോടനുബന്ധിച്ച് രാജ്യത്ത് വിപുലമായ ആഘോഷങ്ങൾ. ക്ഷേത്രങ്ങളിൽ വൻ ഭക്തജന തിരക്ക്. കേരളത്തിൽ നാളെ വിദ്യാരംഭം.

**Navaratri celebrations in full swing across the country; large influx of devotees in temples. Vidyarambham to be held tomorrow in Kerala.**

6. ഐസിസി വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഓസ്ട്രേലിയക്കെതിരെ ന്യൂസിലാൻഡിന് 327 റൺസ് വിജയലക്ഷ്യം.

**In the ICC Women's One Day Cricket World Cup, New Zealand has a target of 327 runs to win against Australia.**

**&&&&&&&&&&&&&&&&&&**

## HEADLINE 1

## PM- RSS-INTRO

രാഷ്ട്ര പുരോഗതി ലക്ഷ്യമാക്കിയാണ് ആർ എസ് എസ് പ്രവർത്തിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിൽ രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ ശതാബ്ദി ആഘോഷങ്ങളെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു.

(പിഎം വോയിസ് )

രാഷ്ട്രം ആദ്യം എന്ന തത്വത്തെ അടിസ്ഥാനമാക്കിയാണ് പ്രസ്ഥാനം പ്രവർത്തിക്കുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു. ആർഎസ്എസ് രാഷ്ട്രത്തിന് നൽകിയ

സംഭാവനകൾ പരിഗണിച്ച് പ്രത്യേകം രൂപകൽപ്പന ചെയ്ത തപാൽ സ്റ്റാമ്പും നാണയവും പ്രധാനമന്ത്രി പുറത്തിറക്കി.

&&&&&&&&&&&&&&&&

## HEADLINE 2

## CABINET DECISIONS- INTRO

രാജ്യത്തുടനീളം 57 പുതിയ കേന്ദ്രീയ വിദ്യാലയങ്ങൾ ആരംഭിക്കുന്നതിന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. നാലായിരത്തി അറുനൂറ് അധിക അധ്യാപക തസ്തികകൾ സൃഷ്ടിക്കുമെന്നും ന്യൂഡൽഹിയിൽ മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിക്കവേ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

(വോയിസ് അശ്വിനി വൈഷ്ണവ്)

കേന്ദ്ര സർക്കാർ ജീവനക്കാർക്കുള്ള ക്ഷാമബത്തയും പെൻഷൻകാരുടെ ക്ഷാമാശ്വാസവും മൂന്ന് ശതമാനം വർധിപ്പിക്കാനും തീരുമാനമായി. ഏകദേശം 49.2 ലക്ഷം കേന്ദ്ര സർക്കാർ ജീവനക്കാർക്കും 68.7 ലക്ഷം പെൻഷൻകാർക്കും പ്രയോജനം ലഭിക്കും. പയർവർഗ്ഗങ്ങളുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ ലക്ഷ്യമിട്ടുള്ള കർമപദ്ധതിക്കും അംഗീകാരമായി. റാബി വിളകളുടെ താങ്ങുവില വർദ്ധിപ്പിച്ചതായും ശ്രീ വൈഷ്ണവ് പറഞ്ഞു. അസമിലെ എൻ എച്ച്-715 ലെ കാലിബോർ-നുമാലിഗഡ് സെക്ഷൻ ഹൈവേ നാലുവരിയാക്കുന്നതിനും അനുമതിയായി.

&&&&&&&&&&&&&&&&

## HEADLINE 3

## REV. RAJNATH-DEFENCE

പുതു തലമുറ ജിഎസ്ടി പരിഷ്കരണങ്ങൾ പ്രതിരോധ മേഖലയിലെ വിഭവ സംഭരണങ്ങൾക്ക് ഗുണകരമാകുമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. പ്രതിരോധ അക്കൗണ്ട്സ് വകുപ്പിന്റെ വാർഷിക ദിനാഘോഷത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ജിഎസ്ടി നിരക്കുകൾ കുറയ്ക്കുന്നതോടെ കൂടുതൽ സംഭരണം സാധ്യമാകുമെന്നും ശ്രീ രാജ് നാഥ് സിങ് പറഞ്ഞു.

&&&&&&&&&&&&&&&&

## HEADLINE 4

## RBI-MONETARY POLICY

തുടർച്ചയായ രണ്ടാം തവണയും റിപ്പോ നിരക്ക് 5.5 ശതമാനമായി നിലനിർത്തുമെന്ന് ആർബിഐ ഗവർണർ സഞ്ജയ് മൽഹോത്ര. റിപ്പോ നിരക്ക് മാറ്റമില്ലാതെ നിലനിർത്താൻ പണനയ സമിതി ഏകകണ്ഠമായി തീരുമാനിച്ചതായും ആർബിഐ ഗവർണർ പറഞ്ഞു. ഈ സാമ്പത്തിക വർഷത്തിലെ പണപ്പെരുപ്പം 2.6 ശതമാനമായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും ആർബിഐ അറിയിച്ചു. നടപ്പ് സാമ്പത്തിക വർഷത്തെ ജി.ഡി.പി അനുമാനം 6.8 ശതമാനമായി പരിഷ്കരിച്ചു.

&&&&&&&&&&&&&&&&

## GST REFORMS- HANDICRAFT

ഈ മാസം 22ന് പ്രാബല്യത്തിൽ വന്ന ജിഎസ്ടി ഭരണ പരിഷ്കാരങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ഗുണം ചെയ്യുന്നതായി കേന്ദ്ര സർക്കാർ. വ്യാപാരികൾ, കരകൗശല വിദഗ്ധർ, ഉപഭോക്താക്കൾ എന്നിവരുടെ സാമ്പത്തിക ഭാരം ലഘൂകരിക്കുന്നതിനായി നികുതി ഇളവുകൾ കൊണ്ടുവന്നു. സെറാമിക് , ടെറാക്കോട്ട പാത്രങ്ങൾ, ജാറുകൾ തുടങ്ങിയ നിത്യോപയോഗ സാധനങ്ങൾക്ക് നികുതി അഞ്ച് ശതമാനമായി കുറച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&

## HEADLINE 5

## PREZ-VIJAYADASHAMI

നവരാത്രിയോടനുബന്ധിച്ച് രാജ്യത്ത് വിപുലമായ ആഘോഷങ്ങൾ. മഹാനവമി ദിനമായ ഇന്ന് ക്ഷേത്രങ്ങളിൽ വൻ ഭക്തജന തിരക്കാണ് അനുഭവപ്പെട്ടത്. ദക്ഷിണ കർണാടകയിലെ പ്രസിദ്ധമായ കൊല്ലൂർ മൂകാംബികാ ക്ഷേത്രത്തിൽ, നവരാത്രി ആഘോഷണങ്ങളുടെ ഭാഗമായുള്ള പുഷ്പ രഥോത്സവം നടന്നു. വിജയദശമി ദിനമായ നാളെ പൂജയെടുപ്പിന് ശേഷം വിദ്യാരംഭ ചടങ്ങുകൾ നടക്കും. ആദ്യാക്ഷരം കുറിക്കാനുള്ള തയ്യാറെടുപ്പിലാണ് കുരുന്നുകൾ. കേരളത്തിലെ പ്രധാന ക്ഷേത്രങ്ങളായ കോട്ടയം പനച്ചിക്കാട് സരസ്വതി ക്ഷേത്രം, ചോറ്റാനിക്കര, ആറ്റുകാൽ, പൂജപ്പുര സരസ്വതി മണ്ഡപം എന്നിവിടങ്ങളിൽ വിദ്യാരംഭത്തിനുള്ള സൗകര്യമുണ്ടാകും. വിജയദശമിയോടനുബന്ധിച്ച് രാഷ്ട്രപതി ദ്രൗപദി മുർമ്മു രാജ്യത്തെ ജനങ്ങൾക്ക് ആശംസകൾ നേർന്നു. അധർമ്മത്തിനെതിരായ ധർമ്മത്തിൻറെ വിജയം ഓർമ്മപ്പെടുത്തുന്ന ഈ ഉത്സവം സത്യത്തിൻറെയും നീതിയുടെയും പാത തിരഞ്ഞെടുക്കാൻ രാജ്യത്തെ ജനങ്ങൾക്ക് പ്രചോദനമേകട്ടെയെന്ന് രാഷ്ട്രപതി ആശംസിച്ചു.

&&&&&&&&&&&&&&&&

## GANDHI JAYANTHI

നാളെ ഗാന്ധിജയന്തി. രാജ്ഘട്ടിലെ ഗാന്ധി സമാധിസ്ഥലത്ത് പുഷ്പാർച്ചന, സാംസ്കാരിക പരിപാടികൾ തുടങ്ങിയവ നടക്കും. ഗാന്ധിജയന്തി ദിനം അന്താരാഷ്ട്രതലത്തിൽ അഹിംസാ ദിനമായും ആചരിച്ചുവരുന്നു. അഹിംസയെ സാർവത്രിക തത്വമായി അംഗീകരിച്ച് ആഗോള സമാധാനത്തിന്റെയും സഹിഷ്ണുതയുടെയും സംസ്കാരം പ്രോത്സാഹിപ്പിക്കുന്ന പ്രമേയം 2007 ജൂണിലാണ് ഐക്യരാഷ്ട്ര പൊതുസഭ അംഗീകരിച്ചത്. ശുചിത്വം

പ്രോത്സാഹിപ്പിക്കുന്ന സ്വച്ഛ് ഭാരത് മുതൽ ഖാദി, ഗ്രാമീണ വ്യവസായങ്ങളുടെ പുനരുജ്ജീവനം വരെയുള്ള പരിപാടികൾ ഗാന്ധിജയന്തിയുമായി ബന്ധപ്പെട്ട് രാജ്യത്ത് നടന്നു വരികയാണ്.

&&&&&&&&&&&&&&&&

## FIT INDIA FREEDOMN RUN

രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ നൂറ്റി അമ്പത്താറാമത് ജന്മവാർഷിക ദിനാചരണത്തോടനുബന്ധിച്ച് നാളെ സംസ്ഥാനത്തും വിവിധ പരിപാടികൾ സംഘടിപ്പിക്കും. ഫിറ്റ് ഇന്ത്യാ മൂവ്മെൻറിൻറെ ഭാഗമായി നാളെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന ഫിറ്റ് ഇന്ത്യ ഫ്രീഡം റൺ 6.0, ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഫ്ലാഗ് ഓഫ് ചെയ്യും. നിയമസഭാ സമുച്ചയത്തിലെ ഗാന്ധിപ്രതിമയിൽ ഡെപ്യൂട്ടി സ്പീക്കർ പുഷ്പാർച്ചന നടത്തും. കിഴക്കേകോട്ട ഗാന്ധി പാർക്കിലെ മഹാത്മാ ഗാന്ധിപ്രതിമയിൽ ഹാരാർപ്പണവും പുഷ്പാർച്ചനയും നടക്കും. മന്ത്രിമാരായ വി.ശിവൻകുട്ടി, ജി.ആർ.അനിൽ തുടങ്ങിയവർ പങ്കെടുക്കും. സ്വച്ഛതാ ഹി സേവ ക്യാമ്പയിനിൻറെ ഭാഗമായി തിരുവനന്തപുരം സെൻററൽ റെയിൽവേ സ്റ്റേഷനിൽ നാളെ സ്വച്ഛതാ ഉത്സവ് സംഘടിപ്പിക്കും.

&&&&&&&&&&&&&&&&

## SEVA PARV- INTRO

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കിയ കേന്ദ്ര സർക്കാർ, ആഗോള വെല്ലുവിളികൾക്കിടയിൽ ഇന്ത്യ വിവിധ രാജ്യങ്ങൾക്കു നൽകിയ പിന്തുണയെക്കുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവ പർവ്വിൽ ഇന്ന്.

( വോയിസ്....)

## SEVA PARV - VOICE

(മ്യൂസിക്)

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കീഴിൽ, കഴിഞ്ഞ അഞ്ച് വർഷത്തിനിടെ, പകർച്ചവ്യാധികൾ മുതൽ പ്രകൃതി ദുരന്തങ്ങൾ വരെയുള്ള പ്രതിസന്ധികളെ നേരിടാൻ 150-ലധികം രാജ്യങ്ങൾക്കാണ് ഇന്ത്യ മാനുഷിക സഹായം നൽകിയത്. ആഗോളപ്രതിസന്ധികളിൽ ആദ്യം പ്രതികരിക്കുന്ന രാഷ്ട്രമാണ് ഇന്ത്യയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിപ്രായപ്പെട്ടിരുന്നു.

(പിഎം വോയ്സ്........)

കോവിഡ്-19 പ്രതിസന്ധി ഘട്ടത്തിൽ നടപ്പാക്കിയ വാക്സിൻ മൈത്രി, ഉക്രെയ്നിലെ ഓപ്പറേഷൻ ഗംഗ , സുഡാനിലെ ഓപ്പറേഷൻ കാവേരി, ഇസ്രായേലിലെ ഓപ്പറേഷൻ അജയ് എന്നിവയെല്ലാം സ്വന്തം പൗരന്മാർക്ക് മാത്രമല്ല, വിദേശികൾക്കും ഇന്ത്യ നൽകിയ പിന്തുണയുടെ തെളിവാണ്.

(മ്യൂസിക്)

&&&&&&&&&&&&&&&&&

## HEADLINE 6

## WOMENS CRICKET

ഐസിസി വനിതാ ക്രിക്കറ്റ് ലോകകപ്പിൽ ഓസ്ട്രേലിയയ്ക്കെതിരെ ന്യൂസിലൻറിന് 327 റൺസ് വിജയലക്ഷ്യം. ടോസ് നേടി ബാറ്റിംഗ് തെരഞ്ഞെടുത്ത ഓസ്ട്രേലിയ 49.3 ഓവറിൽ 326 റൺസാണ് നേടിയത്. ഒടുവിൽ വിവരം കിട്ടുമ്പോൾ ന്യൂസിലാൻറ് 8.5 ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ 24 റൺസ് നേടിയിട്ടുണ്ട്.

&&&&&&&&&&&&&&&&&

## SUPER LEAGUE KERALA

സൂപ്പർ ലീഗ് കേരള ഫുട്ബോൾ രണ്ടാം സീസണ് നാളെ കോഴിക്കോട് ഇഎംഎസ് സ്റ്റേഡിയത്തിൽ തുടക്കമാകും. രാത്രി 7.30 ന് നടക്കുന്ന ഉദ്ഘാടനമത്സരത്തിൽ കാലിക്കറ്റ് എഫ്.സി, ഫോഴ്സ കൊച്ചിയെ നേരിടും. രണ്ടര മാസത്തോളം നീണ്ടുനിൽക്കുന്ന ലീഗിൽ ഫൈനലടക്കം 33 മത്സരങ്ങളാണുള്ളത്.

&&&&&&&&&&&&&&&&

## KERALA CM- KANNUR

രാജ്യത്ത് മികച്ച വ്യവസായ സൗഹൃദ അന്തരീക്ഷമുള്ള സംസ്ഥാനമാണ് കേരളമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കണ്ണൂർ ചൊവ്വയിലെ കാനന്നൂർ സഹകരണ സ്പിന്നിംഗ് മില്ലിൻറെ രണ്ടാംഘട്ട നവീകരണ പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തിൻറെ വ്യാവസായിക രംഗത്ത് പ്രമുഖ സ്ഥാനം ചൊവ്വയിലെ സഹകരണ സ്പിന്നിംഗ് മില്ലിന് ഉണ്ടെന്ന് ചടങ്ങിൽ അധ്യക്ഷനായ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു.

&&&&&&&&&&&&&&&&

## ASHWINI VAISHNAW

ഡിജിറ്റൽ വിദ്യാഭ്യാസം ജനാധിപത്യവൽക്കരിക്കുന്നതിനായി രൂപകൽപന ചെയ്ത ഡിജിറ്റൽ യൂണിവേഴ്സിറ്റി പ്ലാറ്റ്ഫോം NIELIT, കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. ബീഹാർ, ഒഡീഷ ,ആന്ധ്രാപ്രദേശ്, മിസോറാം സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശമായ ദാമനിലുമാണ് പുതിയ NIELIT സ്ഥാപിക്കുന്നത്. എഐ, സൈബർ സുരക്ഷ, ഡാറ്റ സയൻസ്, സെമികണ്ടക്ടറുകൾ, അനുബന്ധ മേഖലകൾ തുടങ്ങി നൂതന സാങ്കേതികവിദ്യകൾ ഉപയോഗിക്കാൻ യുവാക്കളെ സജ്ജരാക്കുന്നതിന് ഡിജിറ്റൽ യൂണിവേഴ്സിറ്റി സഹായകമാകും .

&&&&&&&&&&&&&&&&

## J K-TRAINS RESUME

ഉത്സവ സീസണിന് മുന്നോടിയായി ജമ്മുവിൽനിന്നും, നിറുത്തിവെച്ചിരുന്ന 16 ദീർഘദൂര ട്രെയിൻ സർവീസുകൾ നാളെ മുതൽ പുനരാരംഭിക്കുമെന്ന് ഉത്തര റെയിൽവേ അറിയിച്ചു. ഈ മാസം 8 വരെയായിരിക്കും സർവീസുകൾ. ഈ വർഷം ഓഗസ്റ്റിൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ പ്രധാന റൂട്ടുകൾ തടസ്സപ്പെട്ടതിനെത്തുടർന്നാണ് ട്രെയിൻ സർവീസുകൾ നിർത്തിവച്ചിരുന്നത്.

&&&&&&&&&&&&&&&&

&&&&&&&&&

&&&